# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 907

03-12-2014 ൽ
മറുപടിയ്ക്ക്.

## ജലവിഭവ സംരക്ഷണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ഇ.കെ.വിജയൻ | | ശ്രീ. പി.ജെ. ജോസഫ് (ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | ജലവിഭവ സംരക്ഷണത്തിന് നടപ്പിലാക്കിയ പദ്ധതികൾക്ക് ഉദ്ദേശിച്ച ഫലം ലഭിക്കുന്നില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജലസേചന വകുപ്പിൽ ഇക്കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഭൂജല വകുപ്പിലും കേരള വാട്ടർ അതോറിറ്റിയിലും, ജലനിധിയിലും ഇത്തരം ആരോപണങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ ഇത്തരം പദ്ധതികളുടെ പരാജയ കാരണങ്ങളെ സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയിട്ടുണ്ടോ; | (ബി) | ജലസേചന വകുപ്പിൽ ഇത്തരം പദ്ധതികളുടെ പരാജയ കാരണങ്ങളെ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ട്. |
| (സി) | എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ; | (സി) | കേന്ദ്ര ജലകമ്മീഷൻ (സി.ഡബ്ല്യൂ.സി), ഇറിഗേഷൻ വകുപ്പിലെ ഇറിഗേഷൻ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം, സി.ഡബ്ല്യൂ.ആർ.ഡി.എം - കോഴിക്കോട് തുടങ്ങിയ സ്ഥാപനങ്ങൾ/ഏജൻസികൾ ജലവിഭവ സംരക്ഷണത്തിനായി നടപ്പിലാക്കിയ/ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ ലക്ഷ്യപ്രാപ്തി സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ട്. വൻകിട പദ്ധതികളുടെ നിർമ്മാണ കാലയളവ് നീണ്ടു പോയിട്ടുള്ളത്, പദ്ധതി വിഭാവനം ചെയ്ത ഗുണവും, ലഭ്യമാക്കാൻ കഴിഞ്ഞ ഗുണവും തമ്മിലുള്ള വ്യത്യാസം തുടങ്ങിയവ പഠന റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ ജലസംരക്ഷണത്തിന് വേണ്ടി നടപ്പിലാക്കിയ പദ്ധതികൾ വഴി കൂടുതൽ പ്രദേശത്ത് ജലസേചനം ലഭ്യമാക്കാനും, കുടിവെള്ളത്തിനും, കൃഷിക്കും, വ്യവസായത്തിനും, വൈദ്യുതി ഉല്പാദനത്തിനും കൂടുതലായി ജലം ലഭ്യമാക്കാൻ |

| | | | |
|---|---|---|---|
| | | | കഴിഞ്ഞതായും പഠന റിപ്പോർട്ട് പ്രകാരം വ്യക്തമായിട്ടുണ്ട്. കൂടാതെ, ചെറുകിട പദ്ധതികൾ പ്രത്യേകിച്ച് കുളങ്ങൾ/ ചിറകൾ/കായലുകൾ എന്നിവയുടെ സംരക്ഷണ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കിയതു വഴി കൂടുതൽ പ്രദേശത്ത് വിവിധ കൃഷികൾ നടത്തുന്നതിനും ഭൂഗർഭജലവിതാനം താഴാതെ നിലനിർത്തുന്നതിനും, വരൾച്ചയുണ്ടായ ഘട്ടങ്ങളിൽ കിണറുകളിലെ ജലവിതാനം വർദ്ധിപ്പിക്കുന്നതിന് ഉപയുക്തമായതായും പരിശോധനാ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ഇതോടൊപ്പം, പദ്ധതികൾ സമയബന്ധിതമായിത്തന്നെ പൂർത്തിയാക്കുന്നതു വഴി പൂർണ്ണ ഗുണഫലം ലഭ്യമാക്കാനാകുമെന്നും റിപ്പോർട്ട് നിർദ്ദേശിക്കുന്നു. |
| (ഡി) | ഇത്തരം പദ്ധതികളുടെ പൂർണ്ണ വിജയത്തിനായി സന്നദ്ധ സംഘടനകൾ, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയുടെ സേവനങ്ങൾ കൂടി പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | ജലസേചന പദ്ധതികളുടെ നടത്തിപ്പിൽ/ നിർവ്വഹണത്തിൽ/ഗുണഫലം വിലയിരുത്തുന്നതിൽ വിവിധ ഗവേഷണ സ്ഥാപനങ്ങളുടെ സഹായ സഹകരണം തേടാറുണ്ട്. എന്നാൽ സന്നദ്ധ സംഘടനകളുടെ സഹായം തേടുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. വാട്ടർ യൂസേഴ്സ് അസോസിയേഷനുകൾ വഴി പദ്ധതിയുടെ ഗുണഭോക്താക്കളായ വ്യക്തികളുടെ സഹായം പദ്ധതി നടത്തിപ്പിൽ ലഭ്യമാകാറുണ്ട്. ഇതു കൂടാതെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ മുതലായവ പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നുണ്ട്. ജലനിധി ഒരു ജനകീയ പദ്ധതി ആയതിനാൽ ഈ പദ്ധതിയുടെ പൂർണ്ണ വിജയത്തിന് ഗുണഭോക്താക്കൾ, പഞ്ചായത്തുകൾ, സഹായ സംഘടനകൾ എന്നിവരുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**